
ST. MARY'S L.P.S OCHANTHURUTH

# ACADEMIC MASTER PLAN

സ്കൂൾ തലം 2025-26



# GENERAL INFORMATIONS

| | |
|---|---|
| Name of School | : St. Mary's L.P.S Ochanthuruth |
| Date of Establishment | : 1866 |
| Name of Village | : Puthuvype |
| Name of cluster | : Vypin. |
| Name of Panchayath | : Eelankunnapuzha. |
| Name of Block | : Edappilly |
| Sub-district | : Vypin. |
| District | : Ernakulam. |
| Name of H.M | : Smt. Usha. A A. |
| Mob. No | : 7907300392. |
| Email ID | : stmaryslpsochanthuruth@gmail.com |
| School Code | : 26525 |
| Management | : Co-orporate management of Arch diocese of Verapoly. |

# ആമുഖം

സ്കൂൾ ചരിത്രം

ഓച്ചന്തുരുത്ത് നിത്യസഹായ മാതാ ദേവാലയത്തിന്റെ കീഴിൽ സാധാരണക്കാരായ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ 1866-ൽ സ്ഥാപിതമായ ആദ്യത്തെ വിദ്യാലയമാണ് സെന്റ്. മേരീസ് L.P സ്കൂൾ. നാലാം ക്ലാസ്സുവരെയാണ് ഇവിടെ ക്ലാസ്സുകൾ നടത്തിപ്പോരുന്നത്. വരാപ്പുഴ അതിരൂപതയുടെ ആദ്യ തദ്ദേശീയനായ മെത്രാപ്പോലീത്ത ഡോ. ജോസഫ് അട്ടിപ്പേറ്റി, ഷെവലിയർ L.M പൈലി തുടങ്ങിയവർ ഇവിടെയാണ് പ്രാഥമിക വിദ്യാഭ്യാസം നേടിയത്. വിദ്യാലയം സ്ഥാപിച്ചതിനുശേഷം വൈകുന്നേരങ്ങളിലും മറ്റും യുവാക്കളും കുട്ടികളും സ്കൂളിന്റെ മൈതാനത്ത് കളിക്കാൻ വരുമായിരുന്നു. മുതിർന്നവർ എവിടെപ്പോയിരുന്നു എന്നന്വേഷിക്കുമ്പോൾ "സ്കൂളിന്റെ മുറ്റത്ത്" എന്നർത്ഥം വരുന്ന രീതിയിൽ സ്കൂൾ മുറ്റത്ത് എന്ന മറുപടിയാവും നൽകുക. പിന്നീട് ഈ പരിസരവും ബസ് സ്റ്റോപ്പും "സ്കൂൾ മുറ്റം" എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

ഈ വിദ്യാലയത്തിൽ ഹെഡ്മിസ്ട്രസ് അടക്കം 4 അധ്യാപകരും നഴ്സറി വിഭാഗത്തിൽ 2 അധ്യാപകരും ഒരു കുക്കും ജോലി ചെയ്തു വരുന്നു. പ്രദേശത്തുള്ള സാധാരണക്കാരായ ആളുകളുടെ മക്കളാണ് ഇവിടെ അധ്യയനം നടത്തുന്നത്. നിലവിലെ ഹെഡ്മിസ്ട്രസ് ശ്രീമതി. ഉഷ A.A ആണ്. ശ്രീമതി. ടീസ സിന്റ വിൻസന്റ്,

ശ്രീമതി. അനിറ്റ അലക്സ്, ശ്രീമതി. സെൽവി ആന്റണി എന്നിവരാണ് മറ്റ് അധ്യാപകർ. നഴ്സറി വിഭാഗത്തിൽ ശ്രീമതി. സ്റ്റെഫി ലോറൻസ്, കുമാരി. ലിയ സേവ്യർ, ശ്രീമതി. നീനു ജോൺ എന്നിവരും ജോലി ചെയ്തു വരുന്നു. ശ്രീമതി. ജെയ്ഷ ആണ് കുക്കിന്റെ തസ്തികയിൽ ജോലി ചെയ്തുവരുന്നത്.

സബ് ജില്ലാ തലത്തിൽ നടത്തുന്ന എല്ലാ മത്സരങ്ങളിലും പങ്കെടുക്കുന്നു. കുട്ടികളുടെ നാനാവിധ കഴിവുകൾ വർദ്ധിപ്പിക്കുവാനുള്ള പരിശീലനം ഈ സ്കൂളിൽ നടത്തുന്നു. എല്ലാ പ്രവർത്തനങ്ങളിലും PTA, MPTA യുടെ സഹകരണം ഉറപ്പുവരുത്തുന്നു. കുട്ടികളുടെ സമഗ്ര വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് അധ്യാപകർ പ്രവർത്തിച്ചു വരുന്നത്.

## നിലവിലുള്ള അവസ്ഥ.

2025-26 അധ്യയന വർഷം വിദ്യാലയത്തിൽ 1 മുതൽ 4 വരെ ക്ലാസുകളിലായി 25 ആൺകുട്ടികളും 18 പെൺകുട്ടികളും അധ്യയനം അഭ്യസിച്ചു വരുന്നു. പ്രീ പ്രൈമറി വിഭാഗത്തിൽ 11 ആൺകുട്ടികളും 7 പെൺകുട്ടികളുമാണുള്ളത്. ആകെ ഒരു ലാപ്ടോപ്പാണ് സ്കൂളിന് സ്വന്തമായുള്ളത്. ലൈബ്രറിയിൽ വിദ്യാർത്ഥികൾക്കാവശ്യമായ പുസ്തകങ്ങൾ ഉണ്ട്. ഉച്ച ഭക്ഷണ പദ്ധതി മികച്ച രീതിയിൽ മുന്നോട്ടു പോകുന്നു.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി.

നിലവിൽ സ്കൂളിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സ്കൂൾ പ്രവർത്തനം സമീപത്തുള്ള VIAS college ന്റെ കെട്ടിടത്തിലാണ് നടക്കുന്നത്. സ്കൂളിന് സ്വന്തമായൊരു കെട്ടിടം എന്നതാണ് ഏറ്റവും വലിയ ആവശ്യം. കുട്ടികൾക്ക് ആവശ്യമായ IT ഉപകരണങ്ങളുടെ അഭാവവും സ്കൂൾ നേരിടുന്ന ഒരു പ്രശ്നമാണ്.

# TEACHERS LIST

| Sl. No | അധ്യാപികയുടെ പേര്. | ക്ലാസ് ചുമതല. | Mob. No: |
|---|---|---|---|
| 1. | Smt. Usha A.A | Headmistress (III) | 7907300392 |
| 2. | Smt. Treesa Sinta Vincent | LPST (II) | 9605112125 |
| 3. | Smt. Anita Alex | LPST (I). | 7025812592 |
| 4. | Smt. Selmi Antony | LPST (IV). | 9562588342 |

## PRE-PRIMARY.

| Sl No. | അധ്യാപികയുടെ പേര് | ക്ലാസ് ചുമതല | Mob. No: |
|---|---|---|---|
| 1. | Smt. Stephy Lawrence | UKG. | 9895838940 |
| 2. | Smt. Neenu John. | LKG. | 9633381153 |
| 3. | | | |

# മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| * എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | * കുട്ടികൾക്ക് ഏത് സമയത്തും വായിക്കുവാൻ പറ്റുന്ന രീതിയിൽ വായനമൂല സജ്ജീകരിക്കുന്നു.<br>* വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ ലഭ്യമാക്കുന്നു.<br>* ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 'കൈത്താങ്ങ്' പഠനക്ലാസുകളിൽ വർക്ക്ഷീറ്റുകൾ ഉപയോഗിക്കുന്നു. | 2025 - 26 | | ക്ലാസ്ടീച്ചർ |
| * എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പു വരുത്തുക. | * കഥ പറയൽ, ചിത്രങ്ങൾ ഉപയോഗിച്ച് കഥപറയൽ, ഗ്രൂപ്പ് ചർച്ചകൾ, ആശയവിനിമയ കളികൾ എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | 2025 - 26 | | ക്ലാസ്ടീച്ചർ<br>ഭാഷാ ക്ലബ്ബ് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| * കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക. | വായനാപ്രവർത്തനങ്ങൾ<br>* പുസ്തകവായന<br>* കഥാവായന<br>* കവിതാവായന<br>സാഹിത്യപ്രവർത്തനങ്ങൾ<br>* കഥാരചന<br>* കവിതാരചന | 2025-26 | | ക്ലാസ്ടീച്ചർ |
| * സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക. | * കുട്ടികളെ രചനാമത്സരങ്ങളിൽ (രചനോത്സവം) പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുക<br>* കുട്ടികളുടെ രചനകൾ പതിപ്പാക്കുക<br>* കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുക. | 2025-26. | | ക്ലാസ്ടീച്ചർ<br>ഭാഷാ ക്ലബ് |
| * മികച്ച വായനാശീലം വളർത്തുക | * ഓരോ ക്ലാസിലും 'ക്ലാസ് ലൈബ്രറി' ലഭ്യമാക്കുന്നു.<br>* ചിത്രങ്ങൾ ഉൾപ്പെട്ട വായനാകാർഡുകൾ ലഭ്യമാക്കുന്നു. | 2025-26 | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| * ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | *സാഹിത്യപ്രവർത്തനങ്ങളായ കഥ രചനയും, കവിതാലാപനവും പ്രോത്സാഹനം നൽകുക. കുട്ടികളെ ചെറുനാടകങ്ങളിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുക. ചിത്രരചന ശില്പകല പ്രോത്സാഹിപ്പിക്കുക | | | |
| * | | | | |
| * ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക. | *കുട്ടികളെ ഭാഷാപഠന ഗെയിമുകൾ കളിക്കാൻ പ്രോത്സാഹിപ്പിക്കുക<br>*ഭാഷാലാമ്പ് | | | |

# English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| * ഇംഗ്ലീഷ് ഭാഷാ ക്ലാസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് നേടുക | * ഇംഗ്ലീഷ് ഭാഷയിൽ ക്ലാസുകൾ നിരീക്ഷിക്കുന്നതിനും വിവിധ വർക്ക്ഷോപ്പുകളിലും പഠന സാമഗ്രികളുടെ നിർമ്മാണ വർക്ക്ഷോപ്പുകളിലും പങ്കെടുക്കുവാനുള്ള അവസരം അധ്യാപകർക്ക് ഒരുക്കുന്നു. | 2025-26. | | BRC.<br>S.S.A.<br>Management. |
| * ഉച്ചാരണ ശേഷി മെച്ചപ്പെടുത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | * ശരിയായ ഉച്ചാരണം ബോധ്യപ്പെടുത്തുന്ന Audio, Video ക്ലിപ്പുകൾ നിരീക്ഷിക്കാൻ അവസരം നൽകുന്നു<br>* പ്രത്യേക phonetic ക്ലാസുകൾ<br>* ICT ഉപയോഗം.<br>* റീഡേഴ്സ് തീയറ്റർ. | 2025-'26. | | PTA, MPTA<br>Teachers. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| * Communication skill മെച്ചപ്പെടുത്തുക. | * പാഠഭാഗങ്ങൾ നാടക രൂപത്തിൽ അവതരിപ്പിക്കൽ.<br>* ഇംഗ്ലീഷ് ഫെസ്റ്റുകൾ സംഘടിപ്പിക്കൽ.<br>* English Assembly.<br>* പരമാവധി ആശയ വിനിമയം ഇംഗ്ലീഷിൽ ആയിരിക്കാൻ പ്രോത്സാഹനം നൽകൽ.<br>* Readers Theatre. | 2025-26. | | PTA, MPTA Management |
| * English Vocabulary മെച്ചപ്പെടുത്തുക. | * Word games<br>* Spelling Contests<br>* Cross word puzzles.<br>* Dictionary making. (4th std)<br>* English Book Exhibition | 2025-26. | | Teachers. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തൽ. | * English diary writing. (Once in a week.). | Once in a week. | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| | * English Bullantin<br>ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ബുള്ളറ്റിൻ ഒരുക്കുന്നു.<br>ജൂൺ - പരിസ്ഥിതി.<br>ജൂലൈ - ചാന്ദ്രദിനം.<br>ആഗസ്റ്റ് - സ്വാതന്ത്ര്യദിനം.<br>സെപ്തംബർ - ഓണം.<br>ഒക്ടോബർ - ഗാന്ധിജി<br>നവംബർ - കേരളം.<br>ഡിസംബർ - ക്രിസ്തുമസ്. | ഓരോ മാസവും. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| മുഴുവന്‍ കുട്ടികളെയും വായനയിലും ഭാഷ കൈകാര്യം ചെയ്യുന്നതിലും പ്രാപ്തരാക്കുക. | * രക്ഷിതാക്കളുടെ സഹകരണത്തോടുകൂടി ഓരോ ക്ലാസുകൾക്കും അനുയോജ്യമായ റീഡിംഗ് കാർഡുകൾ നിർമ്മിക്കൽ.<br>* ഭിന്ന നിലവാരക്കാരായ കുട്ടികൾക്ക് വേണ്ടി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.<br>* | 2025-26 | 1000/- | PTA.<br>Teachers. |

# പരിസര പഠനം

ലക്ഷ്യം :1 – ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുക.

| Sl.0 | പ്രവർത്തനം | കാലയളവ് |
|---|---|---|
| | **ഞാനും എന്റെ പരിസരവും** | |
| 1. | ജൈവ വൈവിധ്യ ഉദ്യാന സന്ദർശനം. സസ്യങ്ങളെ നിരീക്ഷിക്കൽ, പ്രത്യേകതകൾക്കനുസരിച്ച് തരംതിരിക്കൽ; മരങ്ങൾ കുറ്റിച്ചെടികൾ വർഗീകരണം; സസ്യങ്ങളുടെ വളർച്ച രീതികൾ മനസ്സിലാക്കൽ;<br>പൂന്തോട്ടം ഒരുക്കാം.<br>• ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം.<br>• സ്കൂൾ പൂന്തോട്ട നവീകരണം.<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ. | ജൂൺ – ജനുവരി |

ലക്ഷ്യം : 2 – : പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
– ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| Sl. No. | പ്രവർത്തനം | കാലയളവ്. |
| --- | --- | --- |
| 1. | **പ്രകൃതി നടത്തം.**<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>• പ്രത്യേകതകൾ മനസ്സിലാക്കാം.<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം.<br>• ഫീൽഡ് ട്രിപ്പ്.<br>• ജീവികളുടെ പരസ്പരാശ്രയത്വം – ചർച്ച<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണം – പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം.<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കാം.<br>• ചർച്ച – തെറ്റും ശരിയും. | ജൂൺ – ഒക്ടോബർ. |
| 2. | **പൂന്തോട്ടം ഒരുക്കാം.**<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ – മാർച്ച് |

| | | |
|---|---|---|
| 3. | ഒരു തൈ നടാം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ | ജൂൺ. |
| 4. | പോസ്റ്റർ നിർമ്മാണം.<br>• പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ | മാർച്ച് – മെയ് |
| 5. | ദാഹജലം<br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് – മെയ്. |

ലക്ഷ്യം : 3 –: കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| Sl No. | പ്രവർത്തനം | കാലയളവ്. |
|---|---|---|
| 1. | ദിന കൃത്യങ്ങൾ<br>• ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോ-ധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | ജൂൺ – മാർച്ച്. |

| | | |
|---|---|---|
| 2. | നമ്പർ വൺ<br>• ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>• വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ – മാർച്ച്. |
| 3 | പരിസര നടത്തം<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം – സർവ്വേ.<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ – ഡിസംബർ |
| 4. | നല്ല ശീലം<br>• പോസ്റ്ററുകൾ തയ്യാറാക്കാം.<br>• പരിസരങ്ങളിൽ പതിക്കാം. | ജൂലൈ – മാർച്ച്. |

ലക്ഷ്യം 34 :- ശാസ്ത്ര വിഷയങ്ങളിൽ താൽപര്യവും അഭിരുചിയും വളർത്തുക.

| Sl. No. | പ്രവർത്തനം | കാലയളവ്. |
|---|---|---|
| 1. | ഫീൽഡ് ട്രിപ്പ്.<br>• നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാവ്, etc)<br>ഡിസംബർ – ഫെബ്രുവരി | ജനുവരി – മാർച്ച് |

| Sl. No. | പ്രവർത്തനം | കാലയളവ് |
| --- | --- | --- |
| 2. | പരീക്ഷണങ്ങൾ<br>• ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ – ഫെബ്രുവരി. |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| * അടിസ്ഥാന ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ, ക്യാമ്പുകൾ, ശില്പശാലകൾ, ഗണിതക്ല | വർഷത്തിന്റെ ആദ്യപാദം | | ക്ലാസ് ടീച്ചർ |
| * ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക | ഗണിത കേളികൾ, സ്കിറ്റുകൾ (പലചരക്ക് സാധനങ്ങൾ വാങ്ങി അതിന്റെ തുക കാണുന്നതിന് അവലംബിക്കുന്ന രീതി) | ജൂലൈ-ആഗസ്റ്റ് | | ക്ലാസ് ടീച്ചർ, |
| * അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾ കൈവരിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാൻ സഹായകമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ | 2025-26 | | സ്കൂൾ മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഓരോ പ്രവർത്തനത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പ് വരുത്തുക. കുട്ടികൾ പൂർണ്ണമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പു വരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ. | |
| ഓരോ ഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടി എന്ന് ഉറപ്പാക്കൽ. | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ HW പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനങ്ങൾ രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ മേളം. | ക്ലാസ്ടീച്ചർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ആരോഗ്യ-കായിക-വിദ്യാഭ്യാസം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| * | കുട്ടികൾക്ക് മാനസികോല്ലാസം പ്രദാനം ചെയ്യുക, സമ്മർദ്ദം, ആകാംക്ഷ, പിരിമുറുക്കം എന്നിവയിൽ നിന്ന് മോചിതരാകുന്നതിന് സഹായകമാകുന്ന പ്രവർത്തനങ്ങൾ നടത്തുക. | സുംബ ഡാൻസ് പരിശീലനം കുട്ടികൾക്ക് നൽകുക. | 2025-26. ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ, സ്കൂൾ മാനേജ്മെന്റ് | |
| * | മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിംഗ് | ജൂൺ-മാർച്ച് | HM SRG PTA | |
| * | എല്ലാ കുട്ടികളുടെയും ആരോഗ്യ-കായികക്ഷമത ഉറപ്പുവരുത്തുക. | ഹെൽത്ത് ചെക്കപ്പ് | 2025-26 | PTA | |
| * | ആരോഗ്യ കായികവിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പിരീഡിൽ ഫിസിക്കൽ എക്സർസൈസ്, ഗെയിംസ് പരിശീലനം | ജൂൺ-മാർച്ച് | SRG ക്ലാസ്ടീച്ചർ. | |

# കലാവിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| * കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക<br>* കലാഭിരുചി വളർത്തുക. | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തുക. | എല്ലാ ആഴ്ചയിലും | | SRG<br>ക്ലാസ്ടീച്ചർ |
| * ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക | കുട്ടികളുടെ മികവുകൾ അസംബ്ലി, സർഗവേദി എന്നിവ വഴി പങ്കുവയ്ക്കുന്നു. | ജൂൺ-മാർച്ച് | | ക്ലാസ്ടീച്ചർ |
| * ആധുനിക ശാസ്ത്രസാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക. | * ഡിജിറ്റൽ പെയിന്റിംഗ്<br>* ഡിജിറ്റൽ ഡ്രോയിംങ് | ജൂൺ-മാർച്ച് | | ക്ലാസ്ടീച്ചർ |
| * 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക. | * ചിത്രരചന, ക്രാഫ്റ്റ് വർക്ക് പെയിന്റിംഗ്, നൃത്തം, ആലാപനം മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും. | | SRG<br>PTA |